## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **07-02-2023 - ൽ മറുപടിയ്ക്ക്**

## സാഗർമാല പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പദ്ധതിയായ സാഗർമാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പദ്ധതിയിൽ പ്രോജക്ടുകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (എ) | ഇന്ത്യയിലെ തീരദേശ വികസനത്തിന്റെയും ജലഗതാഗതത്തിന്റെ സാദ്ധ്യതകളെയും പ്രയോജന പ്പെടുത്തി Logistic sector ന്റെ ഉന്നമനത്തിനാണ് സാഗർമാല പദ്ധതി ലക്ഷ്യമിടുന്നത്. അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള ചരക്ക ഗതാഗതം വിപുലപ്പെടുത്തുവാൻ സാധിക്കുന്നതാണ്.<br><br>പ്രോജക്ടുകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.<br><br>1. പോർട്ട് / ഹാർബർ എന്നിവയുടെ അടിസ്ഥാന വികസനം<br>2. പോർട്ട് / ഹാർബർ തമ്മിലുള്ള കണക്ടിവിറ്റി<br>3. പോർട്ട് / ഹാർബറുമായി ബന്ധപ്പെട്ട വ്യവസായ വൽക്കരണവും തീരദേശവാസികളുടെ ഉന്നമനവും<br><br>പ്രസ്തുത പദ്ധതിയിൽ പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് പദ്ധതികളുടെ DPR (Detailed Project Report) തയ്യാറാക്കി State Sagarmala Committee അംഗീകരിച്ച് കേന്ദ്ര സാഗർമാലാ കമ്മിറ്റിക്ക് നൽകിയാണ് പദ്ധതികൾക്ക് അംഗീകാരം നേടുന്നത്. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളാണ് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അനുമതി ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | 6/5/2022 ലെ NSAC (National Sagarmala Appex Committee) യുടെ തീരുമാനപ്രകാരം കേരളത്തിലെ താഴെപ്പറയുന്ന 7 ഫിഷിംഗ് ഹാർബർ/ ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ഫ്ലോട്ടിംഗ് ജെട്ടിയും അനുബന്ധ സൗകര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. Ministry of Ports, Shipping and Water ways ന് സമർപ്പിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കൊല്ലം തുറമുഖത്ത് 20 കോടി രൂപാ ചെലവിൽ നിർമ്മിച്ച "മൾട്ടി പർപ്പസ് ബർത്ത് " എന്ന |

| | | | |
|---|---|---|---|
| | | | പ്രവർത്തിയാണ് കേരള മാരിടൈം ബോർഡിൽ നിന്നും സാഗർമാലാപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി യിട്ടുള്ള ഏക പദ്ധതി. |
| (സി) | എറണാകുളം ജില്ലയിൽ 25 കിലോമീറ്ററോളം കടൽതീരവും 25 കിലോമീറ്ററോളം കായൽതീരവുമുള്ള വൈപ്പിൻകരയിലെ ദുബായ് പോർട്ട്, സംസ്ഥാനത്തെ തിരക്കേറിയ ഹാർബറുകളായ മുനമ്പം, കാളമുക്ക് തുടങ്ങിയവയേയും ബന്ധിപ്പിച്ച് കൊണ്ട് തുറമുഖ വികസനം, ഹാർബറുകളുടെ വികസനം, റോഡ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള പദ്ധതികൾ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

| ഫിഷിംഗ് ഹാർബർ / ഫിഷ് ലാന്റിംഗ് സെന്റർ | തുക (കോടിയിൽ) |
|---|---|
| ചെല്ലാനം ഫിഷിംഗ് ഹാർബർ | 12.63 |
| ചേറ്റുവ ഫിഷിംഗ് ഹാർബർ | 9.42 |
| മുനയ്ക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ | 12.46 |
| പൊന്നാനി ഫിഷിംഗ് ഹാർബർ | 19.45 |
| താനൂർ ഫിഷിംഗ് ഹാർബർ | 19.39 |
| വെള്ളയിൽ ഫിഷിംഗ് ഹാർബർ | 29.96 |
| കൊയിലാണ്ടി ഫിഷിംഗ് ഹാർബർ | 14.17 |
| ആകെ | 117.48 |